പുന്നപ്ര സാഗര സഹകരണ ആശുപത്രി സൂപ്രണ്ടിനെതിരെയുള്ള പരാതി

94 (3248) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുന്നപ്ര സാഗര സഹകരണ ആശുപത്രി സൂപ്രണ്ട് കൃത്യമായി ആശുപത്രിയിൽ എത്തുന്നില്ലെന്നും ആഴ്ചയിൽ ഒരു ദിവസം വന്ന് ഒപ്പിട്ട് പോകുന്നുവെന്നുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് 24 മണിക്കൂറും പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) യു.എസ്.ജി. സ്കാൻ പ്രവർത്തിപ്പിക്കാൻ റേഡിയോളജിസ്റ്റില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ റേഡിയോളജിസ്റ്റിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സർജറി, ഓർത്തോ, കാർഡിയോളജി എന്നീ വിഭാഗത്തിൽ ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നെഫ്രോളജി വിഭാഗം ഡോക്ടറുടെ സേവനം പൂർണ്ണതോതിൽ ലഭ്യമായാൽ മാത്രമേ സാഗര ആശുപത്രിയിൽ 24 മണിക്കൂറും ഡയാലിസിസ് യൂണിറ്റ് പ്രവർത്തിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ഇക്കാര്യം പരിശോധിച്ചു വരുന്നു.

(സി) നിലവിൽ HLL Life Care Limited-ന്റെ സഹകരണത്തോടെ 24 മണിക്കൂറും ടെലിറേഡിയോളജി സംവിധാനം സാഗര ആശുപത്രിയിൽ ലഭ്യമാണ്.

(ഡി) സർജറിയിലും ഓർത്തോയിലും കാർഡിയോളജിയിലും നിലവിൽ വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്.

പ്രാഥമിക സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സംവിധാനം

95 (3249) ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പ്രാഥമിക സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് എന്നതിനെക്കുറിച്ച് വിശദവിവരം നല്കുമോ ;

(സി) സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖലയും ഇടപാടുകാരുടെ സൗകര്യവും കണക്കിലെടുത്ത് കോർ ബാങ്കിംഗിന് അനുയോജ്യമായ സംവിധാനം തെരഞ്ഞെടുക്കുന്നതിന് സംഘങ്ങൾക്കുള്ള സ്വാതന്ത്ര്യം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിനായി സഹകരണ രജിസ്ട്രാറുടെ അനുമതി നിർബന്ധമാക്കുമോ?

ഉത്തരം

(എ) സഹകരണ വായ്പാ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളെ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു വരുന്നു.

(ബി) കോർബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിലൂടെ പ്രധാനമായും നെറ്റ് ബാങ്കിംഗ്, എ.ടി.എം., ആർ.ടി.ജി.എസ്., എൻ.ഇ.എഫ്.റ്റി. മുതലായ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ അംഗങ്ങൾക്കും/പൊതുജനങ്ങൾക്കും ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) നിലവിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖലയും ഇടപാടുകാരുടെ സൗകര്യവും കണക്കിലെടുത്ത് അനുയോജ്യമായ സംവിധാനം തെരഞ്ഞെടുക്കേണ്ടത് അതാത് സംഘം ഭരണസമിതിയാണ്.

(ഡി) കോർ ബാങ്കിംഗ് നടപ്പിൽ വരുത്തുന്നതിന് പ്രത്യേക അനുമതി ആവശ്യമില്ല. എന്നാൽ ടി സംവിധാനങ്ങൾ നടപ്പിൽ വരുത്തുമ്പോൾ പൊതു ഫണ്ടിൽനിന്നും തുക വിനിയോഗിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ അനുമതി ആവശ്യമാണ്.

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ

96 (3250) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly